പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T1903 04.11.2019 ൽ മറുപടിയ്ക്ക്

പരസ്യ ഇനത്തിൽ ചെലവഴിച്ച തുക

ചോദ്യം
ശ്രീ. എം. ഉമ്മൻ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരസ്യ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരസ്യ ഇനത്തിൽ മുൻകാല കുടിശ്ശിക ഉൾപ്പെടെ ഏകദേശം 1,22,24,76,395/-രൂപ (നൂറ്റി ഇരുപത്തി രണ്ടു കോടി ഇരുപത്തി നാലു ലക്ഷത്തി എഴുപത്തി ആറായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റി അഞ്ചു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു |

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 22,91,99,467/- |
| 2017-18 | 43,44,66,678/- |
| 2018-19 | 38,75,38,474/- |
| 2019-20 | 17,12,71,776/- |

| | | | |
|---|---|---|---|
| (ബി) | കിഫ്ബിയുടെ പ്രചരണത്തിനായി പരസ്യ ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ പരസ്യത്തിനായി 2019 -ൽ ആകെ 26,09,027/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഈ ഇനത്തിൽ തുക യൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി ആകെ 7,17,901/- രൂപ(ഏഴു ലക്ഷത്തി പതിനേഴായിരത്തി തൊള്ളായിരത്തി ഒന്നു രൂപ മാത്രം) ചെലവഴിച്ചു.<br>വർഷം തിരിച്ചുള്ള കണക്ക്<br>ഒന്നാം വാർഷികം - 1,06,143/-<br>രണ്ടാം വാർഷികം - 3,11,008/-<br>മൂന്നാം വാർഷികം - 3,00,750/- |
| (ഡി) | ലോക കേരളസഭയുടെ പ്രചരണത്തിനായി പരസ്യയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | ലോക കേരളസഭയുടെ പ്രചരണത്തിനായി പരസ്യ ഇനത്തിൽ ആകെ 24,44,049/- രൂപ (ഇരുപത്തിനാല് ലക്ഷത്തി നാൽപത്തിനാലായിരത്തി നാൽപത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ